(എ) വലിയന്നൂർ-നായാട്ടുപാറ റോഡിന് ഈ വർഷത്തിൽ വകയിരുത്തിയ സംഖ്യ എത്ര;

(ബി) ഈ റോഡിന്റെ പണി എതുവരെ പൂർത്തിയാക്കാനാണ് ഈ വർഷം ഉദ്ദേശിക്കുന്നത്;

(സി) ഈ റോഡിന്റെ പണി എപ്പോഴം പൂർത്തിയാക്കാൻ കഴിയും?

ഉത്തരം

(എ) 20,000 രൂപ.

(ബി) ഈ റോഡിന്റെ മൊത്തം ദൂരത്തിന്റേയും മെച്ചപ്പെടുത്തൽ പണിക്കുവേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ് നിലവിലുള്ള റേറ് അനുസരിച്ച് പുതുക്കുകയാണ്. അതേസമയംതന്നെ ഈ റോഡിൽ ബസ്സു ഗതാഗതം ഉള്ളതും കൂടുതൽ കേടുവന്നതുമായ ഭാഗങ്ങളം വെള്ളപ്പൊക്ക കെടുതികളംമൂലം നാശംസംഭവിച്ച റോഡുകളം നന്നാക്കുന്ന പദ്ധതിയിൻകീഴിൽ റിപ്പേർ ചെയ്തുവരുന്നു.

(സി) ഈ റോഡിന്റെ മെച്ചപ്പെടുത്തൽ പണികളംക്കുള്ള പുതുക്കിയ എസ്റ്റിമേറിനു് അംഗീകാരം കൊടുത്ത് ടെണ്ടർ ചെയ്തു് പണി കരാറുകാരനെ ഏൽപ്പിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് പണി എന്നു പൂർത്തിയാകുമെന്നു പറയാൻ നിർവ്വാഹമില്ല. എന്നാൽ ഈ റോഡിന്റെ ഇപ്പോഴം നടത്തിവരുന്ന റിപ്പേർ വർക്ക് ഉടനെ തീരുന്നതാണ്.

മയ്യിൽ - കാഞ്ഞിരോട് റോഡ്

1063 [1685] ശ്രീ. പി. പി. വി. മൂസ്സ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയ്യിൽ - കാഞ്ഞിരോട് റോഡ് പി.ഡബ്ലിയു.ഡി. ഏറെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഈ റോഡിന്റെ നിർമ്മാണത്തിനായി അടുത്ത രണ്ടു വർഷത്തിനുള്ളിൽ എത്ര തുക ചെലവാകുമെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ റോഡ് പൂർത്തിയാക്കുവാൻ അടുത്ത രണ്ടു വർഷത്തിനുള്ളിൽ 21,37,000 രൂപ ചെലവാകുമെന്നു പ്രതീക്ഷിക്കുന്നു.

ബംഗ്ലാവ് കടവ് പാലം നിർമ്മാണം

1064 [1687] ശ്രീ. കെ.എ. മാത്യു: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടശ്ശേരിക്കര പഞ്ചായത്തിൽ ബംഗ്ലാവ്കടവിൽ ഒരു പാലം നിർമ്മിക്കാൻ വേണ്ട നടപടികളം ത്വരിതപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ബഡ്ജറ്റിൽ വകയിരുത്തുകയും പണിയെപ്പറ്റി വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തുകയും ചെയ്ത ശേഷമേ ഈ പാലം പണിയുടെ കാര്യത്തിൽ തീരുമാനമെടുക്കാൻ പറ്റുകയുള്ളു.

നെയ്യാറിൻകര മിനി സിവിൽസ്റ്റേഷൻ

1065 [1689] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറിൻകരയിൽ പണിയാൻ തീരുമാനിച്ചിട്ടുള്ള മിനി സിവിൽ സ്റ്റേഷന്റെ പണി വൈകുന്നതിന്റെ കാരണമെന്ത്;

(ബി) നെയ്യാറിൻകരയിൽ ഓരോ വർഷവും ഗവൺമെന്റ് ആഫീസുകളുടെ വാടക ഇനത്തിൽ എത്ര രൂപ ചെലവാകുന്നു;

(സി) മിനി സിവിൽ സ്റ്റേഷന്റെ പണി ഉടനെ ആരംഭിക്കുവാൻ പ്രയാറിറ്റി ലിസ്റ്റിൽ ചേർത്ത് വേണ്ട നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) പണത്തിന്റെ അഭാവമാണ് മിനി സിവിൽ സ്റ്റേഷനുകളുടെ പണി വൈകുന്നതിന്റെ പ്രധാന കാരണം.

(ബി) 36,166 രൂപ.

(സി) പണത്തിന്റെ ലഭ്യത അനുസരിച്ച് നടപടി എടുക്കുന്നതാണ്.

പി.ഡബ്ലിയു.ഡി. യുടെ കീഴിലുള്ള ടാറിട്ട റോഡുകൾ

1066 [1690] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ലിയു.ഡി. യുടെ കീഴിൽ എത്ര കിലോമീറ്റർ ടാറിട്ട റോഡുകളുണ്ട്;

(ബി) ടാറിട്ട റോഡുകൾ കോൺക്രീറ്റു റോഡുകളാക്കുന്നത് കൂടുതൽ ആദായകരമായതിനാൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 14317 കി.മീ.

(ബി) റോഡുകൾ കോൺക്രീറ്റു ചെയ്യുന്നതിന് പ്രാരംഭ ചെലവുകൾ വളരെ കൂടുതലാണ്. ഇത്തരം ഒരു പദ്ധതി പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly